# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2224** **05.12.2018-ൽ മറുപടിക്ക്**

<u>കുഴൽമന്ദം സാമൂഹ്യാരോഗ്യ കേന്ദ്രം</u>

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ.കെ.ഡി.പ്രസേനൻ** | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കുഴൽമന്ദം സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ആരംഭിക്കാനുദ്ദേശിച്ചിട്ടുള്ള ട്രോമാകെയർ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് വിശദമാക്കാമോ; | (എ) & (ബി) | സ.ഉ.(കൈ) നം.660/2010/ആ.കു.വ തീയതി 04/11/2010 ഉത്തരവ് പ്രകാരം സാമൂഹികാരോഗ്യ കേന്ദ്രം, കുഴൽമന്ദം ഉൾപ്പെടെ 6 ട്രോമാകെയർ സെന്ററുകൾക്ക് സിവിൽ വർക്കിന് റോഡ് സേഫ്റ്റി ഫണ്ടിൽ നിന്ന് 47 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ നിർവഹണ ഏജൻസി ഏതെന്ന് വ്യക്തമാകാത്തതിനാൽ പിന്നീട് റോഡ് സേഫ്റ്റി അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം ടി തുക റോഡ് സേഫ്റ്റി അതോറിറ്റിയിലേയ്ക്ക് തിരിച്ചടയ്ക്കുകയുണ്ടായി. കുഴൽമന്ദം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ട്രോമാകെയർ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പൊതുമരാമത്ത് വകുപ്പ്, ബിൽഡിംഗ് പ്ലാൻ, എസ്റ്റിമേറ്റ് റിപ്പോർട്ട്, റഫ് കോസ്റ്റ് എസ്റ്റിമേറ്റ് എന്നിവ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയൂ. |
| (ബി) | നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതെന്താണെന്ന് വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**